നവകേരള നിർമ്മിതിയ്ക്ക്
ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വിജയിപ്പിക്കുക

ആമുഖം

നവകേരള നിർമ്മിതിയുടെ പുതിയൊരു ഘട്ടത്തിലേയ്ക്ക് നാം കടക്കുകയാണ്. അടിസ്ഥാന സൗകര്യ മേഖലയിൽ പിണറായി വിജയൻ സർക്കാരുണ്ടാക്കിയ മുന്നേറ്റത്തിന്റെ അടിത്തറയിൽ സ്ഥായിയായ ഒരു വികസന മാതൃക യാഥാർത്ഥ്യമാക്കണം. പാവങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതോടൊപ്പം നാളത്തെ തലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെടണം. അതിനായി കേരളത്തെ ജ്ഞാനസമൂഹമായും അതിനുതകുന്ന തരത്തിലുള്ള വികസന മാതൃകകൾ സഫലമാകുന്ന നാടായും രൂപപ്പെടുത്തണം. ഇവ ഉറപ്പുവരുത്താൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഭരണത്തുടർച്ച അനിവാര്യമാണ്. അതിന് അനുകൂലമായ സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. കഴിഞ്ഞ തവണ ജനങ്ങളോട് വോട്ട് അഭ്യർത്ഥിച്ചപ്പോൾ നൽകിയ 600 വാഗ്ദാനങ്ങളിൽ 580 ഉം നടപ്പാക്കിയ ചരിത്ര നേട്ടത്തിന്റെ അഭിമാനകരമായ റിപ്പോർട്ട് കാർഡുമായിട്ടാണ് എൽ.ഡി.എഫ് ഇന്നു വീണ്ടും ജനങ്ങളെ സമീപിക്കുന്നത്.

കേരളം ഒന്നാമത്

ക്ഷേമ വികസന മേഖലകളിൽ കേരളത്തിന്റെ ഒന്നാമത് എന്ന സ്ഥാനത്തിന് കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ലോകസ്വീകാര്യത ലഭിച്ചിട്ടുണ്ട്. നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിലും ഒന്നാം സ്ഥാനത്താണ് കേരളം. ഇന്ത്യയിൽ ഏറ്റവും കാര്യക്ഷമമായി ഭരണം നടക്കുന്ന സംസ്ഥാനത്തിനുള്ള പുരസ്കാരം കഴിഞ്ഞ വർഷവും നമുക്കു ലഭിച്ചു. വളർച്ച, സുസ്ഥിര വികസനം, സാമൂഹികനീതി, തുല്യത എന്നീ തൂണുകളിൽ ഉറച്ചു നിന്ന് മുന്നേറുന്ന വികസന ശൈലിയുടെ മികവാണ് കേരളത്തെ ഈ പുരസ്കാരത്തിന് പ്രാപ്തമാക്കിയത്.

നീതി ആയോഗ് തയ്യാറാക്കിയ സൂചികകൾ പ്രകാരം ആരോഗ്യമേഖലയിലും കേരളം തുടർച്ചയായി ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. ശിശുമരണ നിരക്കും അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണ നിരക്കും ഏറ്റവും കുറവ് കേരളത്തിലാണ്. മികച്ച പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്ന കാര്യത്തിലും കേരളം മുന്നേറി. ക്ഷയരോഗ നിവാരണത്തിലും സംസ്ഥാനം കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ദേശീയ തലത്തിൽ മികച്ച ആശുപത്രികൾക്കുള്ള

നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡിൽ ആദ്യ പന്ത്രണ്ടു സ്ഥാനങ്ങളിലും കേരളത്തിൽ നിന്നുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളാണ്.

ഭരണ നേതൃത്വത്തിൽ നിന്ന് അഴിമതി സമ്പൂർണമായി തുടച്ചു നീക്കിക്കഴിഞ്ഞു. ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസ് എന്ന സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമും ചേർന്ന് നടത്തിയ ഇന്ത്യാ കറപ്ഷൻ സർവെയിൽ, രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളത്തെയാണ് തെരഞ്ഞെടുത്തത്. ഗുണനിലവാര സൂചികകളിലെ ഒന്നാം സ്ഥാനം നിലനിർത്തിക്കൊണ്ട്, ശാന്തവും സമാധാന പൂർണ്ണവുമായ സാമൂഹ്യജീവിതം ഉറപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. ക്രമസമാധാനപാലനത്തിലും ഇന്ത്യയിലെ ഏറ്റവും മുന്നിൽ കേരളം തന്നെയാണ്.

കേരളം കൈവരിച്ച പ്രഥമസ്ഥാനങ്ങളുടെ പട്ടിക വളരെ നീണ്ടതാണ്. യു.ബി.ഐ ഗ്ലോബൽ നടത്തിയ പഠനത്തിൽ പബ്ലിക് ബിസിനസ് ആക്സിലറേറ്ററിനുള്ള ഒന്നാം സ്ഥാനത്തിന് കേരള സ്റ്റാർട്ടപ്പ് മിഷൻ തെരഞ്ഞെടുക്കപ്പെട്ടു. ഏറ്റവും ഉയർന്ന ജീവിതായുസ്സും ലിംഗ അനുപാതവും സാക്ഷരതയും കേരളത്തിലാണ്. പഠനപ്രായത്തിലെ ഏതാണ്ട് എല്ലാ കുട്ടികളും സ്കൂളിൽ ചേരുന്നുണ്ട്. ഏതാണ്ട് എല്ലാവരും ഇപ്പോൾ പത്തു വരെ പഠിക്കും. കൊഴിഞ്ഞു പോക്ക് ഏറ്റവും താഴ്ന്നത് കേരളത്തിലാണ്.

ഭൂപരിഷ്കരണം വളരെ വലിയ മാറ്റമാണ് സംസ്ഥാനത്ത് ഉണ്ടാക്കിയത്. തൊഴിലാളികൾക്ക് രാജ്യത്തെ ഏറ്റവും ഉയർന്ന മിനിമം കൂലി ലഭിക്കുന്നത് കേരളത്തിലാണ്. അതുകൊണ്ടാണ് അതിഥി തൊഴിലാളികൾ ഇവിടേയ്ക്ക് ആകർഷിക്കപ്പെടുന്നത്. മലയാളിയുടെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയേക്കാൾ ഏതാണ്ട് 50 ശതമാനം ഉയർന്നതാണ്.

സ്ത്രീകൾക്ക് പ്രത്യേക വകുപ്പ് രൂപീകരിച്ചെന്നു മാത്രമല്ല, ജെൻഡർ ബജറ്റിനും തുടക്കമിട്ടു. സംസ്ഥാന ബജറ്റിന്റെ 16 ശതമാനം വനിതാ പദ്ധതികൾക്ക് നീക്കിവച്ചു. ഇന്ത്യയിലാദ്യമായി ട്രാൻസ്ജെൻഡർ നയം പ്രഖ്യാപിച്ചത് കേരളമാണ്. ലൈംഗികാതിക്രമം നടത്തുന്നവരുടെ രജിസ്ട്രിക്ക് തുടക്കംകുറിച്ച ആദ്യ സംസ്ഥാനവും നാം തന്നെ. രാജ്യത്ത് ഏറ്റവും വേഗതയിൽ ദാരിദ്ര്യം കുറഞ്ഞത് കേരളത്തിലാണ്.

എല്ലാ വീടുകളിലും ശുചിത്വ സൗകര്യങ്ങൾ ഉറപ്പുവരുത്തിയ ആദ്യ സംസ്ഥാനമാണു കേരളം. നൂറുശതമാനം വൈദ്യുതീകരണം പൂർത്തിയാക്കിയ ആദ്യ സംസ്ഥാനവും കേരളം തന്നെ. എല്ലാവർക്കും വീട് എന്ന സ്വപ്നം കേരളത്തിന് ഇന്നു കൈയ്യെത്തും അരികിലായിട്ടുണ്ട്. ഏറ്റവും കൂടുതൽ ഗ്രാമീണ റോഡുകൾ കേരളത്തിലാണ്. ഇന്റർനെറ്റ് ഉപയോഗം ഓരോ പൗരന്റെയും അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് മറ്റൊരു നാഴികക്കല്ലുകൂടി ചരിത്രത്തിൽ നാം സ്ഥാപിച്ചു.

ജനസംഖ്യാനുപാതികമായി പട്ടികജാതി-വർഗ വിഭാഗങ്ങൾക്ക് സംസ്ഥാന ബജറ്റ് വിഹിതം നീക്കിവയ്ക്കുന്ന ഏക സംസ്ഥാനവും കേരളം തന്നെ. ഈ വിഭാഗങ്ങൾക്ക് നീക്കിവച്ച തുകയുടെ വിഹിതം രാജ്യത്തെ മറ്റേതൊരു സംസ്ഥാനം നീക്കിവച്ചതിനേക്കാളും കൂടുതലാണു താനും. മത്സ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് മികച്ച പാക്കേജുകൾ രൂപപ്പെടുത്തിയ സംസ്ഥാനവും കേരളമാണ്. ഏറ്റവും കൂടുതൽ ശതമാനം കുടുംബങ്ങൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നത് കേരളത്തിലാണ്. ക്ഷേമ വികസനത്തിന് മുൻനിരയിൽ മുന്നേറാൻ അഞ്ചുവർഷത്തെ ഭരണത്തിനു കഴിഞ്ഞുവെന്ന് എതിരാളികൾ പോലും സമ്മതിക്കും.

ക്ഷേമകേരളം

കേരളത്തെ ഇത്തരത്തിൽ ജീവിതഗുണമേന്മയോടും സുരക്ഷയോടും കൂടെ മനുഷ്യർക്ക് ജീവിക്കാൻ കൊള്ളാവുന്ന സംസ്ഥാനമാക്കി നിലനിർത്തുന്നതിന്റെ പെരുമ മുഖ്യമായും ഇടതുപക്ഷത്തിനു അവകാശപ്പെട്ടതാണ്. മെച്ചപ്പെട്ട കൂലിയും കൂടുതൽ നീതിപൂർവമായ ഭൂവിതരണവും എല്ലാവർക്കും ഗുണമേന്മയുള്ള പൊതുസേവനങ്ങളും ഉറപ്പുവരുത്തിയത് ഇടതുപക്ഷ സർക്കാരുകളായിരുന്നു. 1957ലെ ഇ.എം.എസ് സർക്കാർ ഉയർത്തിപ്പിടിച്ച ഈ പാരമ്പര്യത്തെ ഏറ്റവും ഉജ്വലമാക്കിയ അഞ്ചുവർഷങ്ങളാണ് കടന്നുപോയത്. എല്ലാവർക്കും ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം, വീട്, കക്കൂസ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പുവരുത്തുന്നതിൽ വലിയ കുതിപ്പുതന്നെ ഉണ്ടായി. എല്ലാവർക്കും സൗജന്യ ചികിത്സയും സൗജന്യ ഭക്ഷണവും പകുതി കുടുംബങ്ങൾക്കെങ്കിലും ധനസഹായവും ഉറപ്പുവരുത്തിയ കേരളത്തിന്റെ കോവിഡ് പ്രതിരോധം ലോകത്താകെ പ്രകീർത്തിക്കപ്പെട്ടു. കേരള സർക്കാരിന്റെ കമ്പോള ഇടപെടൽ എത്രമേൽ ആശ്വാസമാണ് ഈ നാടിന് ഉണ്ടാക്കിയതെന്ന് കോവിഡ് കാലം തെളിയിച്ചു. ഒരാളും പട്ടിണി കിടക്കേണ്ടി വന്നില്ല. വിലക്കയറ്റം പിടിച്ചു നിർത്തി. ഈ ക്ഷേമസുരക്ഷാ പ്രവർത്തനങ്ങൾ ഇനിയും മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള വ്യക്തമായ പരിപാടി കൂടിയാണ് ഈ മാനിഫെസ്റ്റോ

പശ്ചാത്തലമേഖലയിലെ കുതിപ്പ്

ജനക്ഷേമത്തിലുള്ള ഊന്നൽ എക്കാലത്തും ഇടതുപക്ഷത്തിന്റെ തനിമയായിരുന്നു. ക്ഷേമച്ചെലവുകളെല്ലാം കഴിഞ്ഞ് പശ്ചാത്തല സൗകര്യ നിക്ഷേപത്തിന് നീക്കിവെയ്ക്കാൻ ബജറ്റിൽ വേണ്ടത്ര പണമുണ്ടാകാറില്ല. വായ്പയെടുക്കുന്ന പണത്തിന്റെ വലിയപങ്കും മറ്റു വികസന പ്രവർത്തന ങ്ങൾക്കും ദൈനംദിന ചെലവുകൾക്കുമാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. പശ്ചാത്തലസൗകര്യ മേഖലയിലെ പിന്നാക്കാവസ്ഥ മറികടക്കാതെ നവകേരള സൃഷ്ടി അസാധ്യമാണെന്ന് വ്യക്തമായിരുന്നു. ഇതിനുള്ള

മാർഗം കിഫ്-ബിയിലൂടെ തുറന്നു. അസംഭവ്യമെന്ന് പ്രതിപക്ഷം വിശേഷിപ്പിച്ചത് നമ്മുടെ കൺമുന്നിൽ യാഥാർത്ഥ്യമായി.

കാൽനൂറ്റാണ്ടു കാത്തിരുന്നാൽ മാത്രം സാധ്യമാകുന്ന പശ്ചാത്തല സൗകര്യവികസനമാണ് കിഫ്-ബി കേരളത്തിൽ സാധ്യമാക്കിയത്. അങ്ങനെയൊരു സംവിധാനത്തെ തകർക്കാനാണ് പ്രതിപക്ഷം ശ്രമിച്ചത്. കിഫ്-ബി നടത്തുന്ന വിഭവസമാഹരണം ഭരണഘടനാവിരുദ്ധമാണെന്ന് സി.എ.ജിയോടൊപ്പം പ്രതിപക്ഷവും ആവർത്തിച്ചു വാദിച്ചു. എന്നാൽ, അടുത്ത അഞ്ചുവർഷം കൊണ്ട് 60000 കോടി രൂപ സമാഹരിക്കാൻ അവരുടെ കൈയിൽ ബദൽ പരിപാടിയുമില്ല. നടന്നുകൊണ്ടിരിക്കുന്ന വികസനപ്രവർത്തനങ്ങളെ എങ്ങനെയെങ്കിലും മുടക്കാനാണ് പ്രതിപക്ഷത്തിന്റെ ശ്രമം. ഇത് അനുവദിക്കാനാവില്ല. ഭരണത്തുടർച്ച ഇല്ലെങ്കിൽ കേരളത്തിൽ എല്ലാ മണ്ഡലങ്ങളിലും തുടങ്ങിയവയോ, തുടങ്ങാൻ പോകുന്നതോ ആയ എല്ലാ പദ്ധതികളും അവതാളത്തിലാകും. സി.എ.ജി, ഇ.ഡി തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി ചേർന്ന് യു.ഡി.എഫും ബി.ജെ.പിയും കിഫ്-ബിയെ തകർക്കുന്നതിനു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാടിന്റെ വികസനത്തെ തകർക്കുന്നതിനുള്ള ഇത്തരം നീക്കങ്ങളെ പ്രതിരോധിക്കാനാവണം. നമ്മുടെ സംസ്ഥാനത്ത് ആവിഷ്ക്കരിച്ചിട്ടുള്ള വികസനപദ്ധതികൾ നടപ്പിലാക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വരിക എന്നത് പ്രധാനമാണ്.

സാമ്പത്തിക അടിത്തറയിൽ പൊളിച്ചെഴുത്ത്

മേൽപ്പറഞ്ഞ പശ്ചാത്തല സൗകര്യങ്ങൾ നിക്ഷേപകരെ കേരളത്തിലേയ്ക്ക് കൂടുതൽ ആകർഷിക്കും. കേരളത്തിന് കൂടുതൽ അനുയോജ്യമായ വ്യവസായങ്ങളായി നാം കരുതുന്നത് ഐ.ടി പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളും, ടൂറിസം പോലുള്ള സേവന പ്രദാന വ്യവസായങ്ങളുമാണ്. ഇതിനുപുറമെ പ്രധാനമുള്ളത് കമ്പ്യൂട്ടർ നിർമ്മാണം പോലുള്ള നൈപുണീസാന്ദ്ര വ്യവസായങ്ങളും നമ്മുടെ വിഭവങ്ങളുടെ മൂല്യവർദ്ധിത വ്യവസായങ്ങളുമാണ്. ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കാൻ ഉതകുന്ന ബയോടെക്നോളജി പോലുള്ള സാങ്കേതികവിദ്യകളുടെ വികാസവും പ്രധാനമാണ്. കേരളത്തിന്റെ സാമ്പത്തിക അടിത്തറയെ വിജ്ഞാന സമ്പദ്ഘടനയായി പുതുക്കിപ്പണിയുന്നതിന് കൃത്യമായൊരു പരിപാടിയുമായാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിലെ ജനങ്ങളെ സമീപിക്കുന്നത്.

വിജ്ഞാന സമ്പദ്ഘടനയായുള്ള പരിവർത്തനത്തിന് ഉന്നത വിദ്യാഭ്യാസത്തെ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ടു പോകാനാവണം. അലകും പിടിയും മാറണം. പരമാവധി യുവജനങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസവും എല്ലാവർക്കും ഡിജിറ്റൽ സൗകര്യങ്ങളും ലഭ്യമാക്കണം. വിജ്ഞാനത്തെ നൂതന വിദ്യകളായി രൂപാന്തരപ്പെടുത്തണം. സമ്പദ്ഘടനയുടെ സമസ്തമേഖലകളിലും ആധുനിക ശാസ്ത്രവും നൂതനസാങ്കേതിക വിദ്യകളും ഉൾക്കൊള്ളാനാവുംവിധം ആസൂത്രിതമായ ഇടപെടൽ വേണം. നൂതനവിദ്യാ സംരംഭങ്ങൾ അഥവാ സ്റ്റാർട്ട് അപ്പുകൾ തഴച്ചുവളരണം. ഇതിനെല്ലാമായി ഉന്നത വിദ്യാഭ്യാസത്തിലും സ്കൂൾ വിദ്യാഭ്യാസത്തിൽ ഉണ്ടായതുപോലുള്ള മുന്നേറ്റമുണ്ടാക്കാൻ ഇനിയും കഴിയേണ്ടതുണ്ട്.

ജനതയുടെ സാമൂഹ്യ ബോധവും ചരിത്രബോധവും മാനവിക മൂല്യങ്ങളുമെല്ലാം കൂടുതൽ വികസിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള സാമൂഹ്യ ശാസ്ത്ര പഠനങ്ങളുടെ വികാസവും പ്രധാനമാണ്. ഇത്തരം പഠനങ്ങളിൽ അത്യുന്നത തലത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ രൂപീകരണവും പ്രധാനമായി നമുക്ക് മുമ്പിലുണ്ട്.

മതനിരപേക്ഷ സർക്കാർ

അങ്ങനെ, കേരള സമ്പദ്ഘടനയുടെ അടിത്തറ പൊളിച്ചു പണിയുന്നതിനുള്ള കർമ്മപദ്ധതിയാണ് ഈ പ്രകടനപത്രിക മുന്നോട്ടുവയ്ക്കുന്നത്. അഭ്യസ്തവിദ്യരായ മലയാളികൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ തൊഴിലവസരങ്ങൾ നാട്ടിൽത്തന്നെ ലഭ്യമാക്കും. സമ്പദ്ഘടനയുടെ മാറ്റം സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കും. ക്ഷേമസുരക്ഷാ സൗകര്യങ്ങൾ പുതിയ വിതാനത്തിലേയ്ക്ക് ഉയർത്തും. പ്രധാനപ്പെട്ട കാര്യം ഇത്തരത്തിൽ കേരളം ഒരു പുതിയ വികസനപാതയിലേയ്ക്ക് പുരോഗമിക്കുന്നത് കേരളത്തിന്റെ മതനിരപേക്ഷ ജനാധിപത്യ സ്വഭാവത്തെ ശക്തിപ്പെടുത്തുന്നതിനും പ്രധാനമാണെന്ന് കാണാനാവും.

സുസ്ഥിരവികസനം എന്ന ലക്ഷ്യം നേടുന്നതിന് പ്രധാനമായ സമാധാന അന്തരീക്ഷം ഇന്ന് വലിയ വെല്ലുവിളികളെ നേരിടുന്നുണ്ട്. കറകളഞ്ഞ ന്യൂനപക്ഷ വിരോധം പ്രചരിപ്പിക്കുന്നതിനും ജനാധിപത്യപരമായ കാഴ്ചപ്പാടുകളെ നിരാകരിച്ചും ഭരണഘടനാ സ്ഥാപനങ്ങളെയും അവയുടെ അവകാശങ്ങളെയും നിർവീര്യമാക്കിയും തങ്ങളുടെ രാഷ്ട്രീയ ഭരണാധികാരത്തെ സംഘപരിവാർ ഉപയോഗപ്പെടുത്തുകയാണ്. ഫാസിസ്റ്റ് പ്രവണതകളോടുകൂടിയുള്ള സംഘപരിവാറിന്റെ ഇത്തരം പ്രവർത്തനങ്ങൾ ന്യൂനപക്ഷ ജനവിഭാഗങ്ങളിൽ വലിയ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നുണ്ട്. ഇതാണ് മതനിരപേക്ഷ ജനാധിപത്യ ഇന്ത്യ നേരിടുന്ന ഏറ്റവും ആപത്കരമായ വെല്ലുവിളി. ന്യൂനപക്ഷ വിഭാഗങ്ങളിൽ ഇതിന്റെ ഭാഗമായി രൂപപ്പെടുന്ന അരക്ഷിതാവസ്ഥയെ ഉപയോഗപ്പെടുത്തിക്കൊണ്ട് ന്യൂനപക്ഷ വർഗ്ഗീയ - തീവ്രവാദ ചിന്താഗതിക്കാർ നടത്തുന്ന പ്രചാരണ പ്രവർത്തനങ്ങൾ ഭൂരിപക്ഷ വർഗ്ഗീയതയ്ക്കു വളമായി തീരുന്നു.

ഭൂരിപക്ഷത്തിന്റെ പേരിലായാലും ന്യൂനപക്ഷത്തിന്റെ പേരിലായാലും മതരാഷ്ട്രവാദം നാടിന് അപകടമാണ്. മതരാഷ്ട്രവാദവും മതവിശ്വാസവും രണ്ടാണ് എന്ന സുചിന്തിതമായ നിലപാടാണ് എൽ.ഡി.എഫ് ഉയർത്തിപ്പിടിക്കുന്നത്. വർഗീയ തീവ്രവാദ ശക്തികളെ ചെറുത്തു തോൽപ്പിക്കാൻ വിശ്വാസികൾ ഉൾപ്പെടെയുള്ളവരുടെ ഐക്യനിര ഉയർന്നുവരേണ്ടതുണ്ട്. ഒരുതരത്തിലുള്ള വർഗീയതയുമായും സന്ധി ചെയ്യാതെ എല്ലാ മതവിശ്വാസികളുടെയും വിശ്വാസം സംരക്ഷിക്കാനും ഒരു മതത്തിലും വിശ്വാസമില്ലാത്തവർക്കും സമാധാനത്തോടെ ജീവിക്കാനും വേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതൃത്വം നൽകും.

നമ്മുടെ മതനിരപേക്ഷ സംസ്കാരത്തിൻറെ കാവലാളായ മാതൃഭാഷയുടെ സംരക്ഷണവും വികാസവും ഇതോടൊപ്പം തന്നെ പ്രധാനമാണ്. നവകേരള നിർമ്മിതിയുടെ സാംസ്കാരിക അടിത്തറ ഭാഷയാണെന്ന കാഴ്ചപ്പാടോടെ അവ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്രധാനമാണ്. മനുഷ്യബന്ധങ്ങളെ ആർദ്രവും ജനാധിപത്യപരവുമാക്കുന്നത് കലയും അതുമായി ബന്ധപ്പെട്ട സംസ്കാരങ്ങളുമാണ്. അതിനാൽ നമ്മുടെ ഭാഷയും സംസ്കാരവും കലകളും സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക എന്നത് നമ്മുടെ ജീവിതത്തെ കൂടുതൽ സർഗ്ഗാത്മകമാക്കുന്നതിന് പ്രധാനമാണ്. ആഗോളവത്ക്കരണം ഉയർത്തുന്ന സാംസ്കാരിക രൂപങ്ങളും വർഗീയമായ കാഴ്ചപ്പാടുകളും പ്രതിരോധിച്ച് മുന്നേറുന്നതിന് ഇത് പ്രധാനമാണ്. അതിനാൽ നമ്മുടെ സംസ്കാരത്തിന്റെ പൊതുവായ ഈടുവയ്പ്പുകളെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക എന്നത് നാടിന്റെ വികാസത്തിന് അത്യന്താപേക്ഷിതമാണെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി കാണുന്നു.

ജനവിരുദ്ധ നയങ്ങൾക്കെതിരെ

ഹിന്ദു വർഗ്ഗീയതയെ ഉയർത്തി കേന്ദ്ര അധികാരം കൈക്കലാക്കിയ ബി.ജെ.പി അറുപിന്തിരിപ്പൻ കോർപ്പറേറ്റ് സാമ്പത്തിക നയങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. തൊഴിൽ നിയമങ്ങൾ റദ്ദാക്കുന്നു. നിയന്ത്രിത കമ്പോളങ്ങളെ തകർത്ത് കാർഷിക മേഖല കോർപ്പറേറ്റുകൾക്ക് അടിയറ വയ്ക്കുന്നു. പൊതുമേഖല വിറ്റുതുലയ്ക്കുന്നു. പൊതുമേഖലാ ബാങ്കിംഗ് ഇൻഷുറൻസ് കമ്പനികളേയും ഓഹരി വിൽപ്പനയിൽ കൂടി സ്വകാര്യവത്ക്കരിക്കുന്നു. നോട്ടുനിരോധനവും ജി.എസ്.ടിയും രാജ്യത്തെ തകർച്ചയുടെ വക്കിലെത്തിച്ചപ്പോഴാണ് കൂനിന്മേൽ കുരുവെന്നപോലെ കോവിഡ് നാടിനെ ഗ്രസിച്ചത്. തൊഴിലെടുക്കുന്നവരുടെ 92 ശതമാനം പണിയെടുക്കുന്ന അസംഘടിത മേഖലയാണ് എറ്റവും പ്രതികൂലമായി ബാധിക്കപ്പെട്ടത്. എണ്ണവില ഉയർത്തി ജനങ്ങളെ പിഴിയുക, കോർപ്പറേറ്റുകൾക്ക് നികുതിയിളവ് കൊടുക്കുക ഇതാണ് ബി.ജെ.പിയുടെ

നികുതി നയം. ജനങ്ങളുടെ കൈയിൽ പണം എത്തിച്ച് കമ്പോള മുരടിപ്പിൽ നിന്ന് പുറത്തു കടക്കാനല്ല അവർ ശ്രമിക്കുന്നത്. കോർപ്പറേറ്റുകളെയും ഫിനാൻസ് മൂലധനത്തെയും പ്രീതിപ്പെടുത്തി നിക്ഷേപം വർദ്ധിപ്പിച്ച് മാന്ദ്യത്തിൽ നിന്ന് കരകയറാമെന്നാണ് അവരുടെ വാദം. ഇതിന്റെ ഫലമായി കോവിഡുകാലത്ത് ലോകത്ത് ഏറ്റവും രൂക്ഷമായ ഉൽപ്പാദന തകർച്ചയുള്ള രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറി. ഈ നയങ്ങൾക്കെതിരെ തൊഴിലാളികളുടെയും കൃഷിക്കാരുടെയും സമരങ്ങൾ കൊടുമ്പിരികൊള്ളുകയാണ്. അവരോടൊപ്പമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി.

കേന്ദ്രസർക്കാരിന്റെയും കേരള സർക്കാരിന്റെയും നയങ്ങളിലെ അന്തരം മനസ്സിലാക്കുന്നതിന് ഈ കോവിഡുകാലത്തു സ്വീകരിച്ച നയങ്ങൾ താരതമ്യപ്പെടുത്തിയാൽ മതിയാകും. ജനങ്ങൾക്കു പരമാവധി സമാശ്വാസം നൽകുന്ന നയമാണ് കേരള സർക്കാർ സ്വീകരിച്ചത്. ഒരാളുപോലും കേരളത്തിൽ പട്ടിണികിടക്കില്ലായെന്ന് ഉറപ്പുവരുത്തി. ഉയർന്ന പെൻഷനും ഭക്ഷ്യക്കിറ്റും കുടുംബശ്രീ വഴിയുള്ള ഉപജീവന വായ്പ്പയും മറ്റും സാർവ്വത്രിക അംഗീകാരം നേടി. കോവിഡ് രോഗികൾക്കു സൗജന്യ ചികിത്സ മാത്രമല്ല, സൗജന്യ ഭക്ഷണവും നൽകി. ഇന്ത്യയിൽ ആദ്യമായി കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഉത്തേജക പാക്കേജ് മുന്നോട്ടുവച്ച സംസ്ഥാനമാണ് കേരളം. കേരളം കോവിഡ് കാലത്ത് സ്വീകരിച്ച പ്രവർത്തന മാതൃക റിസർവ്വ് ബാങ്കിൻറെ ഔദ്യോഗിക റിപ്പോർട്ടിൽ എടുത്തുപറഞ്ഞിട്ടുണ്ട്.

കേരളത്തിലെ കോവിഡ് മരണനിരക്ക് ദേശീയ ശരാശരിയുടെ മൂന്നിലൊന്നിൽ താഴെയാണ്. രോഗവ്യാപനം അഖിലേന്ത്യാ ശരാശരിയുടെ പകുതി മാത്രമാണ്. കോവിഡിനെ പ്രതിരോധിച്ചുകൊണ്ട് കേരളം സമ്പദ്ഘടനയെ ഉണർത്താൻ നൂറുദിന പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കി. ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഏറ്റവും ഉയർന്ന ഉത്തേജക പാക്കേജായി മാറി. പൊതു ആരോഗ്യവും പൊതു വിദ്യാഭ്യാസും ശക്തിപ്പെടുത്തി. വികേന്ദ്രീകൃത ഭരണക്രമത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയാണ് കേരളം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ സംഘടിപ്പിച്ചത്.

കേരളത്തിന്റെ വികസനാനുഭവം ആഗോളമായി ഒട്ടേറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. കോവിഡ് പ്രതിരോധം ഇതിനെ കൂടുതൽ ജനശ്രദ്ധയിലേയ്ക്ക് കൊണ്ടുവന്നു. വേറിട്ടൊരു ലോകം സാധ്യമാക്കുന്നതിനു വേണ്ടി ലോകമെമ്പാടും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ മുന്നിൽ ഇന്ത്യൻ ഫെഡറൽ വ്യവസ്ഥയുടെ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് കേരളം തീർക്കുന്ന ഈ പുത്തൻ മാതൃക പ്രചോദനവും ആവേശവുമായി മാറും. ഇതിനായി

വീണ്ടും ഒരു കർമ്മ പരിപാടി കേരളത്തിലെ പ്രബുദ്ധരായ വോട്ടർമാരുടെ മുന്നിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അവതരിപ്പിക്കുന്നു.

പ്രകടനപത്രികയിൽ മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾ നടപ്പിലാക്കുന്നതിനും നാടിന്റെ വികസനത്തിന് സവിശേഷമായ കുതിപ്പ് സംഭാവന ചെയ്ത് മുന്നോട്ടുപോകുന്നതിനും കഴിഞ്ഞ 5 വർഷക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കിയത് നിരവധി പ്രതിസന്ധികളെ അതിജീവിച്ചു കൊണ്ടാണ്. കേരളത്തിൻറെ തെക്കൻ തീരങ്ങളിൽ ഓഖി ചുഴലിക്കാറ്റ് ആഞ്ഞുവീശി. കോഴിക്കോട് ജില്ലയിലെ കിഴക്കൻ മേഖലയിൽ പ്രത്യക്ഷപ്പെട്ട നിപ്പ വൈറസിനെയും അതിജീവിക്കാൻ നമുക്ക് കഴിഞ്ഞു. ഈ നൂറ്റാണ്ട് കണ്ട എറ്റവും വലിയ പ്രളയത്തെയും ഈ കാലയളവിലാണ് നാം അതിജീവിച്ചത്. ലോകത്തെമ്പാടും മരണം വാരിവിതറിയ കോവിഡ് 19 നെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും മരണസംഖ്യ ഏറെ പരിമിതപ്പെടുത്താനും കഴിഞ്ഞുവെന്നതും അഭിമാനകരമായ കാര്യമാണ്. ഇത്തരത്തിൽ ഉണ്ടായ നിരവധി പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ടാണ് നവകേരള സൃഷ്ടിക്ക് ഉതകുന്ന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയത്.

ഒന്നും നടക്കില്ലായെന്ന നിരാശയിൽ നിന്ന് ഒന്നായി നിന്നാൽ നമുക്ക് പലതും നേടാനാവുമെന്ന ശുഭാപ്തി വിശ്വാസത്തിലേക്കും കൂട്ടായ്മയിലേക്കും നയിക്കുന്നതിനും ഈ കാലയളവിൽ കഴിഞ്ഞു. പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം ജനങ്ങളെ ഒന്നാക്കി നിർത്തി ഭരണ സംവിധാനത്തെ ജനങ്ങളുമായി താദാമ്യം പ്രാപിച്ച് മുന്നോട്ടു കൊണ്ടു പോകുന്നതിനും കഴിഞ്ഞുവെന്നതും അഭിമാനകരമായ നേട്ടം തന്നെയാണ്. ഭരണയന്ത്രത്തെ ജനകീയവത്ക്കരിച്ചുകൊണ്ടുള്ള ഇടപെടലിന്റെ കാലമായിരുന്നു ഈ 5 വർഷക്കാലം. ഇടതുപക്ഷ സർക്കാരുകൾ മുൻകൈ എടുത്ത് നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ ശക്തമായ ഭരണസംവിധാനം പ്രാദേശിക തലങ്ങളിൽ രൂപപ്പെടുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. കേരളത്തിന്റെ ഈ സവിശേഷതയും ഇത്തരം പ്രവർത്തനങ്ങൾക്ക് ഏറെ സഹായകമായി തീരുകയും ചെയ്തു. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ ഏറെക്കുറെ പൂർത്തിയാക്കിയ അഭിമാനബോധത്തോടെയുമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി പുതിയ പ്രകടന പത്രിക മുന്നോട്ടുവയ്ക്കുന്നത്.

50 ഇന പരിപാടി

ഈ പ്രകടനപത്രിക രൂപപ്പെടുത്തിയതു ജനപങ്കാളിത്തത്തോടെയാണ്. എല്ലാവിഭാഗം ജനങ്ങളുമായി മുഖ്യമന്ത്രി നേരിട്ടു നടത്തിയ സംവാദങ്ങൾ, വിവിധ സംഘടനകളും വ്യക്തികളും ഓൺലൈനായും അല്ലാതെയും അയച്ചതന്ന നിർദ്ദേശങ്ങൾ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ പാർട്ടികളുടെ കുറിപ്പുകൾ, ഇവയെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് 900

വാഗ്ദാനങ്ങളുടെ പ്രകടനപത്രിക രൂപംകൊണ്ടത്. പെട്ടെന്നൊരു വിഗഹവീക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഇവയെ ഒരു 50 ഇന പരിപാടിയായി സംക്ഷേപിച്ചിരിക്കുകയാണ്. 900 വാഗ്ദാനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുകയാണ്. ഇതോടൊപ്പമുള്ള ക്യൂആർ കോഡ് സ്കാൻ ചെയ്യുകയാണെങ്കിൽ 900 ഇനങ്ങൾ അടങ്ങിയ പ്രകടനപത്രികയുടെ പൂർണ്ണരൂപം ലഭ്യമാകും.

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ആവശ്യമായ തൊഴിൽ ലഭിക്കുന്നില്ലായെന്ന പ്രശ്നത്തെ ഉൾക്കൊണ്ടുകൊണ്ട് തൊഴിൽ സൃഷ്ടിക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഈ പ്രകടനപത്രിക രൂപപ്പെടുത്തിയിട്ടുള്ളത്. മൊത്തം 40 ലക്ഷം തൊഴിലവസരങ്ങളാണ് വാഗ്ദാനം ചെയ്യുന്നത്. ഈ ലക്ഷ്യം നേടുന്നതിന് നൈപുണി പരിശീലനം, വ്യവസായ പുനസംഘടന, കാർഷിക നവീകരണം എന്നിവയ്ക്കു കൃത്യമായ ഗൃഹപാഠത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പരിപാടികൾ പ്രകടനപത്രിക മുന്നോട്ടുവയ്ക്കുന്നു. കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകളിലൂടെ കേവല ദാരിദ്ര്യം ഇല്ലാതാക്കും. കൃഷിക്കാരുടെ വരുമാനം 50 ശതമാനമെങ്കിലും ഉയർത്തും. വിദ്യാഭ്യാസ-ആരോഗ്യ സൗകര്യങ്ങൾ ലോകോത്തരമാക്കും.

1) **20 ലക്ഷം അഭ്യസ്തവിദ്യർക്കു തൊഴിൽ** നൽകും. ഈ ലക്ഷ്യത്തോടെ തൽപ്പരരായ മുഴുവൻ അഭ്യസ്തവിദ്യർക്കും നൈപുണി പരിശീലനം നൽകും. ഇവരുടെ വിശദാംശങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കും. കോവിഡാനന്തര കാലത്ത് 18 കോടി ആളുകൾക്ക് വീടുകളിൽ ഡിജിറ്റൽ ജോലികൾ ചെയ്യുന്നവരായി മാറുമെന്നാണ് ഒരു കണക്ക്. വീട്ടിന അകത്തോ, അടുത്തോ ഇരുന്ന് തൊഴിലെടുക്കാൻ സന്നദ്ധരായ ഉദ്യോഗാർത്ഥികളെ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യിക്കും. അവർക്കുവേണ്ടി അന്തർദേശീയ തൊഴിൽ കമ്പനികളോടു സംവദിക്കും. ഇങ്ങനെ തൊഴിൽ ലഭിക്കുന്നവരുടെ സാമൂഹ്യസുരക്ഷാ ബാധ്യത സർക്കാർ ഏറ്റെടുക്കും. ഇതെല്ലാം ചെയ്യുന്നതിന് മികവുറ്റ സ്ഥാപനമാക്കി കെ-ഡിസ്കിനെ മാറ്റും. ഇതിനകം തന്നെ ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ഡിജിറ്റൽ തൊഴിൽ പ്ലാറ്റ് ഫോമുകൾ കെ-ഡിസ്കുമായി ധാരണാപത്രങ്ങൾ ഒപ്പിടാൻ തയ്യാറായിക്കഴിഞ്ഞു. പതിനായിരക്കണക്കിന് ജാവ സേഫ്ട്വെയർ വിദഗ്ദ്ധരെയും ഫിൻടെക് നൈപുണിയുടെ ബി.കോംകാർക്കും തൊഴിൽ ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികളും ഇതിൻറെ തുടർച്ചയായി സ്വീകരിക്കുകയാണ്. (അനുബന്ധം ഇനം 1-7)

2) **15 ലക്ഷം ഉപജീവന തൊഴിലുകൾ** സൃഷ്ടിക്കും. കാർഷിക മേഖലയിൽ 5 ലക്ഷവും കാർഷികേതര മേഖലയിൽ 10 ലക്ഷവും ഉപജീവന തൊഴിലുകൾ സൃഷ്ടിക്കും. കാർഷികേതര തൊഴിലുകൾ സൃഷ്ടിക്കുന്ന തിനായി 100 ദിന പരിപാടിയിലെന്ന പോലെ വിവിധ വികസന ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ

എന്നിവയിലൂടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കും. വായ്പയുടെ അടിസ്ഥാനത്തിൽ ആരംഭിക്കുന്ന സ്വയംതൊഴിൽ സ്ഥാപനങ്ങളിലായിരിക്കും ഭൂരിപക്ഷം പേരും പണിയെടുക്കുക. തദ്ദേശഭരണ അടിസ്ഥാനത്തിൽ ഓരോ വർഷവും 1000 പേർക്ക് അഞ്ചു വീതം തൊഴിലവസരങ്ങൾ സൃഷ്ടിക്കും. തൊഴിലുറപ്പു ക്ഷേമനിധി നടപ്പാക്കും. നഗരമേഖലകളിൽ വർക്ക്ഷോപ്പുകളിലും മറ്റു തൊഴിൽ സ്ഥാപനങ്ങളിലും ഇന്റേൺസായി യുവജനങ്ങളെ എടുക്കുന്നത് അയ്യൻകാളി തൊഴിലുറപ്പിന്റെ ഭാഗമാക്കും. പുതിയതായി കമ്പനികളിൽ നിയമിക്കുന്ന യുവജനങ്ങൾക്കു 2000 രൂപ ഫ്രെഷർസ് അലവൻസായി നൽകും. (അനുബന്ധം ഇനം 146-214)

ഇവയ്ക്കു പുറമെ മറ്റൊരു അഞ്ചുലക്ഷം തൊഴിലവസരങ്ങൾ താഴെ പറയുന്ന ഔപചാരിക തൊഴിൽ മേഖലയിൽ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

3) **15000 സ്റ്റാർട്ട് അപ്പുകൾ**. അഞ്ചു വർഷം മുമ്പ് 300 തൊഴിൽ സ്റ്റാർട്ട് അപ്പുകളാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അവയുടെ എണ്ണം 3900 ആണ്. 35000 പേർക്കു തൊഴിലുണ്ട്. അഞ്ചു വർഷംകൊണ്ട് 15000 സ്റ്റാർട്ട് അപ്പുകൾകൂടി ആരംഭിക്കും. ഒരു ലക്ഷം പേർക്ക് പുതിയതായി തൊഴിൽ ലഭിക്കും. ഇതിന് ആവശ്യമായ നൂതനവിദ്യകൾ വികസിപ്പിക്കുന്നതിന് ഇന്നവേഷൻ ചലഞ്ചു പോലുള്ള സംവിധാനങ്ങൾക്കു രൂപം നൽകും. സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് ഉദാരമായ ധനസഹായ പിന്തുണ നൽകും. (അനുബന്ധം ഇനം 8-25)

4) **പൊതുമേഖലയെ സംരക്ഷിക്കും**. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും ലാഭത്തിലാക്കും. വൈവിധ്യവൽക്കരിക്കുകയും വിപുലീകരിക്കുകയും ചെയ്യും. ഇതിനായി ഓരോ സ്ഥാപനത്തിന്റെയും വിശദമായ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കും. ജീവനക്കാരുടെയും പെൻഷൻകാരുടെയും കാലോചിതമായ സേവന-വേതന അവകാശങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് കെ.എസ്.ആർ.ടി.സി പുനരുദ്ധരിക്കും. ടെക്സ്റ്റയിൽ മില്ലുകൾക്കു വേണ്ടി റോ മെറ്റീരിയൽ കൺസോർഷ്യം ആരംഭിക്കും. പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്യും. (അനുബന്ധം ഇനം 70-96, 617-627)

5) **സ്വകാര്യ നിക്ഷേപം**. മെച്ചപ്പെട്ട നിക്ഷേപാന്തരീക്ഷവും പശ്ചാത്തല സൗകര്യങ്ങളും ഉറപ്പുവരുത്തിക്കൊണ്ട് സ്വകാര്യ നിക്ഷേപത്തെ കേരളത്തിലേയ്ക്ക് ആകർഷിക്കും. അടുത്ത അഞ്ചു വർഷം കൊണ്ട് വ്യവസായ മേഖലയിൽ 10000 കോടിയുടെ നിക്ഷേപം സൃഷ്ടിക്കും. ഐ.റ്റി, ബയോടെക്നോളജി, ഇലക്ട്രോണിക്, ഫാർമസ്യൂട്ടിക്കൽ വ്യവസായങ്ങൾക്കു മുൻഗണന നൽകും. (അനുബന്ധം ഇനം 26-69)

6) **കേരളം ഇലക്ട്രോണിക് ഫാർമസ്യൂട്ടിക്കൽ ഹബ്ബ്** കെൽട്രോണിനെ പുനരുദ്ധരിക്കും, സംയുക്ത സംരംഭങ്ങൾ ആരംഭിക്കും. ആമ്പല്ലൂർ ഇലക്ട്രോണി ഹാർഡ്‌വെയർ പാർക്ക് പൂർത്തീകരിക്കും. രാജ്യത്തെ ഏറ്റവും പ്രമുഖ ഇലക്ട്രോണിക് വ്യവസായ മേഖലയായി കേരളത്തെ മാറ്റും. അതുപോലെ തന്നെ ആരോഗ്യ മേഖലയിലെ കേരളത്തിന്റെ ബ്രാൻഡിനെ ഫാർമസ്യൂട്ടിക്കൽ വ്യവസായ വികസനത്തിനായി ഉപയോഗപ്പെടുത്തും. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഫാർമസ്യൂട്ടിക്കൽ ഹബ്ബുകളിൽ ഒന്നായി കേരളത്തെ മാറ്റും. (അനുബന്ധം ഇനം 43-69)

7) **മൂല്യവർദ്ധിത വ്യവസായങ്ങൾ** റബർ പാർക്ക്, കോഫി പാർക്ക്, റൈസ് പാർക്ക്, സ്പൈസസ് പാർക്ക്, ഫുഡ് പാർക്ക്, ജില്ലാ ആഗ്രോ പാർക്കുകൾ തുടങ്ങിയവ സ്ഥാപിക്കും. പൊതുമേഖല ഭക്ഷ്യ-സംസ്കരണ വ്യവസായങ്ങളെ നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും. നാളികേര സംഭരണത്തിനും സംസ്ക്കരണത്തിനും സഹകരണ ബാങ്കുകളെ ഉപയോഗപ്പെടുത്തും. (അനുബന്ധം ഇനം 73-75, 288, 738, 742)

8) **ടൂറിസം വിപണി ഇരട്ടിയാക്കും**. ടൂറിസത്തിനുള്ള അടങ്കൽ ഇരട്ടിയാക്കും. പൈതൃക ടൂറിസം പദ്ധതികൾ പൂർത്തീകരിക്കും. സപൈസസ് റൂട്ട് ആവിഷ്കരിക്കും. ടൂറിസം ഡെസ്റ്റിനേഷനുകളുടെ പ്രത്യേകിച്ച് മലബാർ മേഖലയിലുള്ളവയുടെ പശ്ചാത്തല സൗകര്യങ്ങൾ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കും. കോവിഡാനന്തരം ടൂറിസം തുറക്കുന്നതിനു പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും. മാർക്കറ്റിംഗിനു കൂടുതൽ പ്രാധാന്യം നൽകും. 2025ൽ വിനോദസഞ്ചാരികളുടെ എണ്ണം 2019നെ അപേക്ഷിച്ച് ഇരട്ടിയാക്കും. (അനുബന്ധം ഇനം 97-123)

9) **ചെറുകിട വ്യവസായ മേഖല** സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ സംരംഭങ്ങളുടെ എണ്ണം 1.4 ലക്ഷത്തിൽ നിന്ന് 3 ലക്ഷമായി ഉയർത്തും. പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ പ്രത്യേക സ്കീമുകൾ തയ്യാറാക്കും. 6 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കും. (അനുബന്ധം ഇനം 124-125)

10) **പ്രവാസി പുനരധിവാസം** അഭ്യസ്തവിദ്യരുടെ ഡിജിറ്റൽ തൊഴിൽ പദ്ധതി, വായ്പ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിപാടി, സേവന സംഘങ്ങൾ, വിപണന ശൃംഖല തുടങ്ങിയ തൊഴിൽ പദ്ധതികളിൽ പ്രവാസികൾക്കു പ്രത്യേക പരിഗണന നൽകും. ഇവയെല്ലാം സംയോജിപ്പിച്ച് ഏകോപിത പ്രവാസി തൊഴിൽ പദ്ധതിക്കു രൂപം നൽകും. സർക്കാർ പങ്കാളിത്തത്തോടെയുള്ള പ്രവാസി കമ്പനികളും സഹകരണ സംഘങ്ങളും ആരംഭിക്കും. സമാശ്വാസ നടപടികൾ ശക്തിപ്പെടുത്തും. ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ബ്രിട്ടീഷ് കൗൺസിലിന്റെ സഹകരണത്തോടു കൂടിയുള്ള നേഴ്സുമാർക്കുള്ള പരിശീലന പരിപാടികൾ പോലുള്ളവയിലൂടെ വിദേശത്തു കൂടുതൽ പേർക്ക് ജോലി

ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പ്രവാസി ചിട്ടിയും പ്രവാസി ഡിവിഡന്റ് സ്കീമും കൂടുതൽ ആകർഷകമാക്കും. ലോക കേരളസഭ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും. (അനുബന്ധം ഇനം 126-145)

11) **ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനം ശക്തിപ്പെടുത്തും.** പരമദരിദ്ര കുടുംബങ്ങളുടെ സമഗ്ര ലിസ്റ്റ് തയ്യാറാക്കും. അതിലെ ഓരോ കുടുംബത്തിനെയും കരകയറ്റുന്നതിനു മൈക്രോപ്ലാൻ ഉണ്ടാക്കി നടപ്പാക്കും. 45 ലക്ഷം കുടുംബങ്ങൾക്ക് ഇങ്ങനെ 1 ലക്ഷം മുതൽ 15 ലക്ഷം രൂപ വരെ വികസന സഹായം നൽകും. പാർശ്വവത്ക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ ജീവിത ദുരിതങ്ങൾക്ക് ഏറെ പരിഹാരമുണ്ടാക്കാൻ ഇതിലൂടെ കഴിയും. (അനുബന്ധം ഇനം 215-218)

12) **കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധന** സൃഷ്ടിക്കും. ഇതിനായി ശാസ്ത്രസാങ്കേതിക വിദ്യകളെ ഉപയോഗപ്പെടുത്തും. ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ഉതകുന്നവിധം ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കും. കാർഷികോത്പാദന ക്ഷമത വർദ്ധന, തറവിലയിലെ കാലോചിത പരിഷ്കാരം, കാർഷിക ഉൽപന്ന സംസ്ക്കരണത്തിൽ നിന്നുള്ള വരുമാനം, അനുബന്ധ വരുമാനങ്ങൾ, എന്നിവയിലൂടെയാണ് ഈ നേട്ടം ഉറപ്പുവരുത്തുക. റബ്ബറിന്റെ തറവില ഘട്ടംഘട്ടമായി 250 രൂപയാക്കി ഉയർത്തും. മറ്റുള്ളവ കാലോചിതമായി പരിഷ്കരിക്കും. പച്ചക്കറിയിൽ സ്വയം പര്യാപ്തത നേടും. നെൽവിസ്തൃതി വർദ്ധിപ്പിക്കും. എല്ലാ വാർഡുകളിലും വർഷംതോറും പുതിയ 75 തെങ്ങിൻ തൈകൾ നടുമെന്ന് ഉറപ്പുവരുത്തും. തോട്ടവിളകൾക്കു പ്രത്യേക പാക്കേജ് നടപ്പാക്കും. മലയോര കൃഷിക്കാരുടെ പട്ടയപ്രശ്നം പരിഹരിക്കും. (അനുബന്ധം ഇനം 331-381)

13) **മൃഗപരിപാലനം** പാലിൽ സ്വയം പര്യാപ്തത കൈവരിക്കും. പാൽ ഉത്പാദനത്തിൽ നമ്മൾ കൈവരിച്ച നേട്ടങ്ങൾ തുടർവർഷങ്ങളിലും നിലനിർത്തുകയും, കേരളത്തെ ക്ഷീര മിച്ച സംസ്ഥാനമാക്കുകയും ചെയ്യും. കാലിത്തീറ്റ ഉത്പാദന ശേഷി ഇരട്ടിയാക്കും. മൊബൈൽ വെറ്റിനറി സേവനങ്ങൾ എല്ലാ ബ്ലോക്കുകളിലേയ്ക്കും വ്യാപിപ്പിക്കും. പാൽ കറക്കുന്നതിനുള്ള യന്ത്രങ്ങൾക്കു സബ്സിഡി നൽകും. പ്രതിദിന മുട്ട ഉൽപ്പാദനം സ്വയംപര്യാപ്തത കൈവരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. കേരള ചിക്കൻ ബ്രാൻഡിന്റെ ശൃംഖല ആരംഭിക്കും. (അനുബന്ധം ഇനം 389-409)

14) **പരമ്പരാഗത വ്യവസായ സംരക്ഷണം** സമൂല നവീകരണത്തിലൂടെ കയറിനെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. യു.ഡി.എഫിന്റെ കാലത്ത് കയർ ഉത്പാദനം 7000 ടണ്ണായിരുന്നത് 28,000 ആയി ഉയർന്നിട്ടുണ്ട്. അത് 70,000 ടണ്ണായി ഉയർത്തും. കശുവണ്ടിയിൽ

10000 പേർക്കുകൂടി തൊഴിൽ നൽകും. ന്യായവിലയ്ക്ക് കാഷ്യൂ ബോർഡ് ഉപയോഗപ്പെടുത്തി വ്യവസായത്തിനു തോട്ടണ്ടി ലഭ്യമാക്കും. കൈത്തറിക്കുള്ള യൂണിഫോം പദ്ധതി വിപുലപ്പെടുത്തും. ഹാന്റ്ക്സും ഹാൻവീവും പുനരുദ്ധരിക്കും. ബീഡിക്കുള്ള ക്ഷേമസഹായം വർദ്ധിപ്പിക്കും. പനമ്പ്, ഖാദി, ചെത്ത്, മൺപാത്ര നിർമ്മാണം തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് നവീകരിക്കും. കയർ & ക്രാഫ്റ്റ് സ്റ്റോറുകളിലൂടെ വിപണി കണ്ടെത്തും. ഉൽപ്പന്ന വൈവിധ്യവൽക്കരണം നടപ്പാക്കും. വരുമാന ഉറപ്പുപദ്ധതി വിപുലീകരിച്ച് മിനിമം കൂലി ഉറപ്പുവരുത്തും. നിർമ്മാണ മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ പ്രതിസന്ധിക്കു പരിഹാരം കാണും. (അനുബന്ധം ഇനം 164-205)

15) **കടൽ കടലിന്റെ മക്കൾക്ക്** - മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമാവകാശം, കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമാവകാശം, കടലിൽ മത്സ്യബന്ധനത്തിനുള്ള പ്രവേശന അധികാരം, ആദ്യ വിൽപ്പനാവകാശം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ഉറപ്പുവരുത്തും. മത്സ്യ വിപണന നിയമം പാസ്സാക്കിയതുപോലെ മറ്റ് അക്വേറിയം റിഫോംസിനു വേണ്ടിയുള്ള സമഗ്രനിയമം തയ്യാറാക്കും. കോൺഗ്രസാണ് ആഴക്കടൽ വിദേശ കപ്പലുകൾക്കു തുറന്നുകൊടുത്തത്. ബി.ജെ.പിയാണ് തീരക്കടൽകൂടി അവർക്കു തീറെഴുതാൻ ഒരുക്കുകൂട്ടുന്നത്. കേന്ദ്രം എന്തുതന്നെ തീരുമാനിച്ചാലും കോർപ്പറേറ്റ് ട്രോളറുകൾക്ക് കേരളത്തിലെ ഹാർബറുകളിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള അനുവാദം നിയമപരമായി നിഷേധിക്കും. (അനുബന്ധം ഇനം 266-270)

16) **തീരദേശ വികസന പാക്കേജ്** തീരദേശ വികസനത്തിന് 5000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. കടലാക്രമണമുള്ള മുഴുവൻ തീരങ്ങളും പുലിമുട്ടുകളോ മറ്റു തീരസംരക്ഷണ പ്രവൃത്തികളോ ഉറപ്പു വരുത്തും. പുനർഗേഹം പദ്ധതി നടപ്പാക്കും. മുഴുവൻ ഹാർബറുകളുടെയും നിർമ്മാണം പൂർത്തീകരിക്കും. 150 മാർക്കറ്റുകൾ നവീകരിക്കും. മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും പാർപ്പിടം ഉറപ്പു വരുത്തും. ഇവയ്ക്കു പുറമേ വിദ്യാഭ്യാസ - ആരോഗ്യ നവീകരണവും മത്സ്യമൂല്യ വർദ്ധന വ്യവസായങ്ങളുമാണ് പാക്കേജിലുള്ളത്. മത്സ്യ ഗ്രാമത്തിൽ ഉണ്ടാകേണ്ട മിനിമം സൗകര്യങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുകയും അവ ഉറപ്പുവരുത്തുകയും ചെയ്യും. (അനുബന്ധം ഇനം 271-296)

17) **പട്ടികജാതി ക്ഷേമം** - മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും അഞ്ചു വർഷത്തിനുള്ളിൽ പാർപ്പിടം നൽകും. ഭൂരഹിതർക്കു കിടപ്പാടമെങ്കിലും ലഭ്യമാക്കും. എല്ലാ ആവാസ സങ്കേതങ്ങളിലും അംബേദ്ക്കർ പദ്ധതി നടപ്പാക്കും. എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും മികവുറ്റതാക്കും. ആനുകൂല്യങ്ങൾ ഉയർത്തും.

പട്ടികവിഭാഗങ്ങൾക്കുള്ള നൈപുണി പരിശീലനവും തുടർ പ്ലെയ്സ്മെന്റും പദ്ധതി പ്രകാരം 20000 പേർക്ക് തൊഴിൽ ലഭ്യമാക്കും. സർക്കാർ സർവ്വീസിലെ പ്രാതിനിധ്യ കുറവ് പരിഹരിക്കുന്നതിന് ആരംഭിച്ചിട്ടുള്ള നടപടികൾ സമയബന്ധിതമായി നടപ്പാക്കും. (അനുബന്ധം ഇനം 219-234)

18) **പട്ടികവർഗ്ഗ ക്ഷേമം** - മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും പാർപ്പിടം ഉറപ്പുവരുത്തും. ഒരേക്കർ കൃഷി ഭൂമി വീതം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ പരമാവധി നടത്തും. വനവിഭവങ്ങൾക്ക് തറവിലയും വിപണിയും ഉറപ്പുവരുത്തും. ആനുകൂല്യങ്ങൾ ഉയർത്തും. പട്ടിക വർഗ്ഗക്കാർക്കുള്ള ഉപപദ്ധതി പൂർണ്ണമായും ഊരുകൂട്ടങ്ങളുടെ തീരുമാന വിധേയമായിരിക്കുമെന്ന് ഉറപ്പുവരുത്തും. സർക്കാർ സർവ്വീസിലെ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് ആരംഭിച്ചിട്ടുള്ള നടപടികൾ സമയബന്ധിതമായി നടപ്പാക്കും. (അനുബന്ധം ഇനം 235-250)

19) **മറ്റു സാമൂഹ്യ വിഭാഗങ്ങൾ** - പരിവർത്തിത ക്രൈസ്തവർക്കും പട്ടിക ജാതിക്കാർക്കുമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തുല്യ അളവിൽ നൽകും. പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷനുള്ള ബജറ്റ് പിന്തുണ ഇരട്ടിയായി വർദ്ധിപ്പിക്കും. പിന്നോക്ക വികസന കോർപ്പറേഷന്റെ പ്രവർത്തനം വിപുലപ്പെടുത്തും. പാലൊളി കമ്മിറ്റി ശുപാർശകൾ നടപ്പാക്കും. ക്രിസ്ത്യൻ ന്യൂനപക്ഷ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കും. മുന്നോക്ക വികസന കോർപ്പറേഷനു കൂടുതൽ പണം ലഭ്യമാക്കും. (അനുബന്ധം ഇനം 251-265)

20) **ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ** - ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാധാരണ കുട്ടികൾക്കു ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും ലഭ്യമാക്കും. ജനസംഖ്യാനുപാതമായി ബഡ്സ് സ്കൂളുകൾ സ്ഥാപിക്കും. സ്പെഷ്യൽ സ്കൂളുകളുടെ ധനസഹായം ഇരട്ടിയാക്കും. മുഴുവൻ ഭിന്നശേഷി ക്കാർക്കും സഹായോപകരണങ്ങൾ ഉറപ്പുവരുത്തും. കൂടുതൽ റിസോഴ്സ് അധ്യാപകരെ നിയമിക്കും. വിവിധ ഏജൻസികളുടെയും വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി, തദ്ദേശഭരണം വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. 80 ശതമാനം ഡിസബിലിറ്റി അധിക ആനുകൂല്യം ലഭ്യമാക്കും. കേരളത്തെ ബാരിയർ ഫ്രീ സംസ്ഥാനമാക്കും. (അനുബന്ധം ഇനം 297-314)

21) **വയോജനക്ഷേമം** - വിപുലമായ വയോജന സർവ്വേ നടത്തും. സേവനങ്ങൾ വാതിൽപ്പടിയിൽ നൽകും. എല്ലാ വാർഡുകളിലും വയോക്ലബ്ബുകൾ സ്ഥാപിക്കും. വയോജന അയൽക്കൂട്ടങ്ങൾ വിപുലപ്പെടുത്തും. പ്രത്യേക വയോജന ക്ലിനിക്കുകളും ഒ.പികളും, പ്രത്യേക സാന്ത്വന പരിചരണം, വയോജനങ്ങൾക്കു മരുന്ന് വാതിൽപ്പടിയിൽ എന്നിവ ആരോഗ്യ മേഖലയിൽ ഉറപ്പുവരുത്തും. സംസ്ഥാന - ജില്ല - പ്രാദേശികതലങ്ങളിൽ വയോജന കൗൺസിലുകൾ

രൂപീകരിക്കും. വയോജന നിയമം കർശനമായി നടപ്പാക്കും. (അനുബന്ധം ഇനം 315-324, 494-496)

22) **സ്കൂൾ വിദ്യാഭ്യാസം** - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കും. പുതിയ ഫർണ്ണിച്ചർ, ലാബ്, ലൈബ്രറി, കളിക്കളങ്ങൾ ഉറപ്പുവരുത്തും. വിദ്യാഭ്യാസ നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കു പരിഹാരബോധനത്തിനും പ്രത്യേക വിഷയങ്ങൾക്കുള്ള പോഷണത്തിനും അധ്യയന അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള സ്കീമുകളെ ശക്തിപ്പെടുത്തും. സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കും. മുഴുവൻ കുട്ടികളും മിനിമം ശേഷി നേടുമെന്ന് ഉറപ്പിക്കും. നാലിലൊന്ന് കുട്ടികളെങ്കിലും എ ഗ്രേഡിൽ എത്തുമെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഈ അഞ്ചു വർഷം 6.8 ലക്ഷം കുട്ടികളാണ് പുതിയതായി പൊതുവിദ്യാലയങ്ങളിൽ ചേർന്നതെങ്കിൽ അടുത്ത അഞ്ചു വർഷം ഇവരുടെ എണ്ണം 10 ലക്ഷമായി ഉയർത്തും. (അനുബന്ധം ഇനം 410-444)

23) **ഉന്നതവിദ്യാഭ്യാസ രംഗത്തെ വിപുലപ്പെടുത്തും** സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് നേടിയ മികവിന്റെ റെക്കോഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കും. ഇതിനായി 30 സ്വതന്ത്ര മികവിന്റെ കേന്ദ്രങ്ങൾ സർവ്വകലാശാലകൾക്കുള്ളിൽ സ്ഥാപിക്കും. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ അനുവദിക്കും. ഡോക്ടറൽ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. അഫിലിയേറ്റഡ് കോളേജുകളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തും. കൂടുതൽ കോഴ്സുകൾ അനുവദിക്കും. കൂടുതൽ പഠനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് അവശ്യമായ ഇടങ്ങളിൽ ഷിഫ്റ്റ് സമ്പ്രദായവും ആവശ്യമുള്ള ഇടങ്ങളിൽ പുതിയ സ്ഥാപനങ്ങളും അനുവദിക്കും. കേരളത്തെ ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കും. (അനുബന്ധം ഇനം 445-485)

24) **ആരോഗ്യ സംരക്ഷണം ലോകോത്തരം** താലൂക്ക് ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളുടെ കെട്ടിട നിർമ്മാണം അടക്കമുള്ള നിർമ്മാണ പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കും. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രണ്ടുനേരം ഒ.പിയും മരുന്നും ലാബും ഉറപ്പുവരുത്തും. 20 ലക്ഷം കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വരെ സൗജന്യ കിടത്തി ചികിത്സയും, ബാക്കിയുള്ളവർക്ക് 2 ലക്ഷം വരെ കാരുണ്യാ പദ്ധതിയും ശക്തിപ്പെടുത്തും. പൗരന്മാരുടെ ആരോഗ്യനില നിരന്തരമായി മോണിറ്റർ ചെയ്യുന്നതിനു വികേന്ദ്രീകൃത ജനപങ്കാളിത്ത സംവിധാനം ഏർപ്പെടുത്തും. തുടക്കത്തിൽത്തന്നെ ജീവിതശൈലി രോഗങ്ങൾ കണ്ടുപിടിച്ച് പ്രതിരോധിക്കും. കാൻസർ, ഹൃദ് രോഗം, വൃക്കരോഗം തുടങ്ങിയവ ജീവിതശൈലീ രോഗങ്ങൾക്ക് മെഡിക്കൽ കോളജ് ജില്ലാ ആശുപത്രികളിൽ സൗജന്യ ചികിത്സ

ലഭ്യമാക്കും. പബ്ലിക് ഹെൽത്ത് കേഡർ നടപ്പാക്കും. ആലപ്പുഴയിലും തിരുവനന്തപുരം തോന്നയ്ക്കലും ആരംഭിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ ലോക നിലവാരത്തിലേക്ക് ഉയർത്തും. (അനുബന്ധം ഇനം 486-525)

25) **ആയുഷ് പ്രോത്സാഹനം** കണ്ണൂരിലെ അത്യാധുനിക ഗവേഷണ കേന്ദ്രം പൂർത്തീകരിക്കും. ആയൂർവ്വേദത്തിന്റെ ടൂറിസം സാധ്യതകളെ തനിമയും ശാസ്ത്രീയതയും കൈവെടിയാതെ പ്രയോജനപ്പെടുത്തും. ഔഷധ സസ്യങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് കുടുംബശ്രീയുമായി ബന്ധപ്പെട്ട സ്കീം ആരംഭിക്കും. ആയൂർവ്വേദ ഔഷധ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കും. ആയൂർവ്വേദ ചികിത്സാ സൗകര്യങ്ങൾ വിപുലപ്പെടുത്തും. എല്ലാ പഞ്ചായത്തുകളിലും ഡിസ്പെൻസറികൾ ആരംഭിക്കും. (അനുബന്ധം ഇനം 526-533)

26) **എല്ലാവർക്കും കുടിവെള്ളം** 5000 കോടി രൂപയുടെ കിഫ്-ബി പദ്ധതികളും, ജൽജീവൻ മിഷൻ പദ്ധതികളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കും. 30 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കും. വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കും. പാതിവഴിയിലായ എല്ലാ സ്വീവേജ് പദ്ധതികളും പൂർത്തീകരിക്കും. (അനുബന്ധം ഇനം 535-542)

27) **എല്ലാവർക്കും വീട്** അടുത്ത വർഷം ഒന്നര ലക്ഷം വീടുകൾ നൽകും. ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമിയും വീടും. മൊത്തം അഞ്ചു ലക്ഷം വീടുകൾ അഞ്ചു വർഷംകൊണ്ട് പണി തീർക്കും. ഭൂമി ലഭ്യമായിടങ്ങളിൽ ഫ്ളാറ്റ് സമുച്ചയങ്ങൾ പണിയും. (അനുബന്ധം ഇനം 543-545)

28) **പുതിയ കായിക സംസ്കാരം** എല്ലാ ജില്ലകളിലെയും സ്പോർട്സ് സമുച്ചയങ്ങൾ പൂർത്തീകരിക്കും. എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ഒരു മികച്ച കളിക്കളമെങ്കിലും ഉറപ്പുവരുത്തും. സ്കൂൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്പോർട്സ് പരിശീലനം നൽകും. എല്ലാ ജില്ലകളിലും റസിഡൻഷ്യൽ സ്പോർട്സ് സ്കൂളുകൾ സ്ഥാപിക്കുന്നതിന് മുൻകൈയെടുക്കും. സ്പോർട്സ് കൗൺസിലിനു കൂടുതൽ പണവും അധികാരവും നൽകും. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിശ്രമത്തിനും വിനോദത്തിനും കായികാഭ്യാസത്തിനും പൊതുയിടങ്ങൾ സൃഷ്ടിക്കും. സൈക്കിംഗിളിംഗിനെ പ്രോത്സാഹിപ്പിക്കും. (അനുബന്ധം ഇനം 549-564, 717)

29) **ഭാഷാ വികസനവും സാംസ്കാരിക നവോത്ഥാനവും** ഭാഷയെയും കലകളെയും സംരക്ഷിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതാണ്. ചരിത്ര സ്മാരകങ്ങൾ, ഗ്രന്ഥാലയങ്ങൾ, മ്യൂസിയങ്ങൾ തുടങ്ങിയവയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നമ്മുടെ സാംസ്കാരികവും കലാപരവുമായ രൂപങ്ങളെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. നമ്മുടെ സമ്പത്തായ നാടൻ കലകളെ സംരക്ഷിക്കുന്നതിന് പ്രത്യേക ഇടപെടൽ

ഉണ്ടാകും. സാഹിത്യ സമാജങ്ങൾ, കലാസമിതികൾ, സ്പോർട്സ് ക്ലബ്ബുകൾ, നാടൻപാട്ട് സംഘങ്ങൾ, നാടക സംഘങ്ങൾ, തുടങ്ങിയ സാംസ്കാരിക കൂട്ടായ്മകൾക്ക് അക്കാദമികൾ വഴി ധനസഹായം നൽകും. ലൈബ്രറികൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കും. ലൈബ്രറികളെ ഡിജിറ്റലൈസ് ചെയ്യും. സ്കൂൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ കലാ പരിശീലനത്തിന് സൗകര്യമൊരുക്കും. ബിനാലെ, അന്തർദേശീയ ഫിലിം ഫെസ്റ്റിവൽ, അന്തർദേശീയ നാടകോത്സവം, അന്തർദേശീയ നാടൻ കലോത്സവം എന്നിവ കൂടുതൽ മികവുറ്റതാക്കും. ജില്ലാ സാംസ്കാരിക സമുച്ചയങ്ങൾ പൂർത്തീകരിക്കും. (അനുബന്ധം ഇനം 565-587)

30) **60000 കോടി രൂപയുടെ പശ്ചാത്തലസൗകര്യ പ്രവൃത്തികൾ** പൂർത്തീകരിക്കും. ട്രാൻസ്ഗ്രിഡ്, കെ-ഫോൺ, ജലപാത, തീരദേശ - മലയോര ഹൈവേകൾ, വ്യവസായ പാർക്കുകൾ, ആശുപത്രി-കോളേജ് നവീകരണം, യൂണിവേഴ്സിറ്റി കേന്ദ്രങ്ങളുടെ നിർമ്മാണം തുടങ്ങി കിഫ്-ബി പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കും. എന്തുവില കൊടുത്തും കിഫ്-ബിയെ സംരക്ഷിക്കും. (അനുബന്ധം ഇനം 588-591, 650-659)

31) **ഭീമൻ പശ്ചാത്തല സൗകര്യ പദ്ധതികൾ**. കൊച്ചിയിൽ നിന്ന് പാലക്കാട് വഴിയുള്ള വ്യവസായ ഇടനാഴി, കൊച്ചിയിൽ നിന്ന് മംഗലാപുര ത്തേയ്ക്കുള്ള വ്യവസായ ഇടനാഴി, തിരുവനന്തപുരം കാപ്പിറ്റൽ സിറ്റി റീജിയൺ ഡെവലപ്പ്മെന്റ് പദ്ധതി, പുതിയ തെക്കു-വടക്ക് സിൽവർ ലൈൻ റെയിൽവേ പദ്ധതി എന്നീ നാലു ഭീമൻ പശ്ചാത്തല സൗകര്യ പദ്ധതികൾ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഗണ്യമായി പൂർത്തീകരിക്കും. ഇതോടെ കേരളത്തിലെ പശ്ചാത്തല സൗകര്യങ്ങൾ ഇന്ത്യയിലേറ്റവും മികച്ചതാകും. കൊച്ചിയെ ആഗോള നഗരമായി വികസിപ്പിക്കും. (അനുബന്ധം ഇനം 638, 644-648)

32) **വൈദ്യുതിക്ഷാമം ഇല്ലാത്ത കാലം** 2040 വരെ വൈദ്യുതിക്ഷാമം ഇല്ല എന്ന് ഉറപ്പുവരുത്തുന്ന 10000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തീകരിക്കും. 4000 കോടി രൂപയുടെ വൈദ്യുതി വിതരണ പദ്ധതി പൂർത്തീകരിക്കും. 3000 കോടി രൂപയുടെ ഇടുക്കി പദ്ധതി രണ്ടാംഘട്ടം ആരംഭിക്കും. പാരമ്പര്യേതര ഊർജ്ജ സ്രോതസുകളിൽ നിന്ന് 3000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കും. വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കുന്ന കേന്ദ്രനയത്തെ ചെറുക്കും. സംസ്ഥാനത്തെ വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ സംരക്ഷിക്കും. (അനുബന്ധം - ഇനം 592-603)

33) **റോഡ് നവീകരണം** 15000 കിലോമീറ്റർ റോഡ് ബി.എം ആൻഡ് ബിസിയിൽ പൂർത്തീകരിക്കും. 72 റെയിൽവേ മേൽപ്പാലങ്ങൾ പണിയും.

100 മേജർ പാലങ്ങൾ പൂർത്തീകരിക്കും. ദേശീയപാതാ വികസനം പൂർത്തിയാക്കും. മലയോരഹൈവേ, തീരദേശ ഹൈവേ, വയനാട് തുരങ്കപ്പാത എന്നിവ പൂർത്തീകരിക്കും. മൊത്തം 40000 കോടി രൂപ റോഡു നിർമ്മാണത്തിന് ചെലവഴിക്കും. ആധുനികവും പരിസ്ഥിതി സൗഹാർദ്ദപരവുമായ സാങ്കേതികവിദ്യകൾ റോഡ് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തും. (അനുബന്ധം - ഇനം 606-616)

34) **ജലഗതാഗതം ബദൽപാത** തെക്കുവടക്ക് ദേശീയ ജലപാത പൂർത്തീകരിക്കും. ആയിരത്തിൽപ്പരം കിലോമീറ്റർ ഫീഡർ കനാലുകൾ നവീകരിക്കും. കൊച്ചി വാട്ടർ മെട്രോ പൂർത്തീകരിക്കും. തീരദേശ കാർഗോ ഷിപ്പിംഗ് ആരംഭിക്കും. വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ, കൊല്ലം ഹാർബറുകൾ പൂർത്തിയാകും. അഴീക്കൽ ഔട്ടർ ഹാർബർ പദ്ധതി ആരംഭിക്കും. (അനുബന്ധം - ഇനം 628-634)

35) **റെയിൽവേ-വ്യോമ** ഗതാഗതം കൊച്ചി മെട്രോ പൂർത്തീകരിക്കും. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ്മെട്രോ ആരംഭിക്കും. തലശേരി മൈസൂർ, നിലമ്പൂർ നഞ്ചങ്കോട് റെയിൽ ലൈനുകൾ നിർമ്മിക്കും. ശബരി റെയിൽ പൂർത്തിയാക്കും. ശബരി എയർപോർട്ടിനുള്ള അനുവാദത്തിനും ശബരിറെയിൽ പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള സമ്മർദ്ദം ശക്തിപ്പെടുത്തും. ആവശ്യമെങ്കിൽ കരിപ്പൂർ വിമാനത്താവളത്തിന്റെ വികസനത്തിനു സ്ഥലം സർക്കാർ ഏറ്റെടുക്കുകയോ പങ്കാളിയാവുകയോ ചെയ്യും. (അനുബന്ധം - ഇനം 635-643)

36) **തദ്ദേശഭരണം പുതിയ വിതാനത്തിലേയ്ക്ക്** ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികവുമായി ബന്ധപ്പെടുത്തി ഇതുവരെ അനുഭവങ്ങളെ സമഗ്രമായി വിലയിരുത്തിക്കൊണ്ട് 14-ാം പഞ്ചവത്സര പദ്ധതി രൂപീകരിക്കും. നീർത്തടാധിഷ്ഠിത ആസൂത്രണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കും. നൂതന പ്രോജക്ടുകളെ പ്രോത്സാഹിപ്പിക്കും. കൂടുതൽ പണവും അധികാരവും ഉദ്യോഗസ്ഥരെയും നൽകും. ജനപങ്കാളിത്തവും സുതാര്യതയും വർദ്ധിപ്പിക്കാൻ നടപടിയെടുക്കും. ഇ-ഗവേണൻസ് പൂർത്തീകരിക്കും. നഗര വികസനത്തിന് പ്രത്യേക സ്കീമുകൾ ആവിഷ്കരിക്കും. (അനുബന്ധം - ഇനം 660-702)

37) **പരിസ്ഥിതി സൗഹൃദം** - കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുന്നതിന് ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കും. നീർത്തട അടിസ്ഥാനത്തിലുള്ള ജലമണ്ണു സംരക്ഷണ പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ ആവിഷ്കരിക്കും. ഇ-വാഹനനയം ആവിഷ്കരിച്ചു നടപ്പാക്കും. ഊർജ്ജ മിതവ്യയത്തിനും ബദൽ ഊർജ്ജ നിർമ്മാണത്തിനും സ്കീമുകൾ

ആവിഷ്കരിക്കും. ശാസ്ത്രീയമായ പരിസ്ഥിതി അവബോധം സമൂഹത്തിൽ വ്യാപകമാക്കാൻ പ്രത്യേക ബോധവൽക്കരണ ചർച്ചകൾ ആസൂത്രണം ചെയ്യും. (അനുബന്ധം ഇനം 703-722)

38) **വനസംരക്ഷണം** - കൈയേറ്റം പൂർണമായും തടയും. വനം അതിർത്തികൾ ജണ്ട കെട്ടിയും ഡിജിറ്റലൈസ് ചെയ്തും സംരക്ഷിക്കും. മനുഷ്യ-വന്യമൃഗ സംഘർഷം ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കും. വനാതിർത്തിക്കു ചുറ്റും ബഫർ സോൺ നിജപ്പെടുത്തുമ്പോൾ ജനവാസ മേഖലകളെ ഒഴിവാക്കും. (അനുബന്ധം ഇനം 723-730)

39) **പ്രത്യേക വികസന പാക്കേജുകൾ** - 7500 കോടി രൂപയുടെ വയനാട് പാക്കേജ്, 12000 കോടി രൂപയുടെ ഇടുക്കി പാക്കേജ്, 2500 കോടിയുടെ കുട്ടനാട് പാക്കേജ്, 5000 കോടി രൂപയുടെ തീരദേശ പാക്കേജ് എന്നിവ സമയബന്ധിതമായി നടപ്പാക്കും. കാസർകോട് പാക്കേജിനുള്ള തുക വർദ്ധിപ്പിക്കും. ഇതിനായി പ്രത്യേക മേൽനോട്ട സമിതികൾ രൂപീകരിക്കും. വർഷത്തിൽ രണ്ട് തവണ പ്രത്യേകമായി ഇതിന്റെ പുരോഗതി അവലോകനം ചെയ്യും. മലബാറിന്റെ പിന്നാക്കാവസ്ഥ പരിഹാരത്തിനു പ്രത്യേക പരിഗണന നൽകും. (അനുബന്ധം ഇനം 731-747)

40) **ശുചിത്വം** - കേരളത്തെ സമ്പൂർണ്ണ ശുചിത്വ പ്രദേശമാക്കും. ഉറവിട മാലിന്യ സംസ്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്ക്കരണവും പ്രാദേശിക സ്വീവേജ് സംസ്ക്കരണവും നടപ്പാക്കും. അനിവാര്യമായ ഇടങ്ങളിൽ വൻകിട മാലിന്യ നിർമ്മാർജന പ്ലാന്റുകളും സ്ഥാപിക്കും. മുഴുവൻ കക്കൂസ് മാലിന്യവും സംസ്ക്കരിക്കാൻ ഉതകുന്ന സെപ്റ്റേജുകൾ പ്രാദേശികമായി സ്ഥാപിക്കും. വഴിയോര ടേക്ക് എ ബ്രേക്ക് പദ്ധതി പൂർത്തീകരിക്കും. (അനുബന്ധം ഇനം 689-701)

41) **കേരളം സ്ത്രീ സൗഹൃദമാക്കും** - സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ പരമാവധി കുറയ്ക്കുന്നതിന് ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ കാമ്പയിൻ സംഘടിപ്പിക്കും. സ്ത്രീകളുടെ തൊഴിലവസരങ്ങൾ നാലിലൊന്നെങ്കിലും ഉയർത്തും. സ്ത്രീകൾക്കുള്ള പദ്ധതി അടങ്കൽ പത്തു ശതമാനത്തിലേറെയാക്കും. വനിതാ കമ്മീഷൻ, വനിതാ വികസന കോർപ്പറേഷൻ, ജൻഡർ പാർക്ക് എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. ട്രാൻസ്ജെൻഡർ പോളിസി നടപ്പിലാക്കും. ഗൃഹജോലിയുടെ മൂല്യം അംഗീകരിച്ചുകൊണ്ട് വീട്ടമ്മമാർക്ക് പെൻഷൻ ഏർപ്പെടുത്തും. (അനുബന്ധം ഇനം - 748-768, 776-778)

42) **ശിശു സൗഹൃദം** - ശിശുസൗഹൃദ പഞ്ചായത്ത് / മുനിസിപ്പാലിറ്റികളുടെ മാനദണ്ഡങ്ങൾക്കു രൂപം നൽകും. അവ എല്ലാവരും കൈവരിക്കുന്നതിന് ഒരു സമയബന്ധിത പരിപാടി തയ്യാറാക്കും. അങ്കണവാടികൾ സ്മാർട്ടാക്കും. കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ അമർച്ച

ചെയ്യുന്നതിനു ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തും. പോക്സോ കോടതികളുടെ എണ്ണം വർദ്ധിപ്പിക്കും. പൊലീസ് സംവിധാനത്തിനു കൂടുതൽ പരിശീലനം നൽകും. ബാലാവകാശങ്ങൾ സംരക്ഷിക്കും. (അനുബന്ധം ഇനം - 769-775)

43) **വിശപ്പുരഹിത കേരളം** സിവിൽ സപ്ലൈസും കൺസ്യൂമർഫെഡും വിപുലപ്പെടുത്തും. റേഷൻകടകളെ മറ്റ് ഉപഭോക്തൃ ഉൽപ്പന്നങ്ങൾകൂടി വിൽക്കാൻ അനുവദിക്കും. സ്വകാര്യ വിപണനശാലകൾക്ക് ഔദ്യോഗിക റേറ്റിംഗ് ഏർപ്പെടുത്തും. ജനസംഖ്യാനുപാതികമായി ജനകീയ ഹോട്ടലുകൾ ആരംഭിക്കും. കേരളത്തിൽ ഒരാളും പട്ടിണി കിടക്കാൻ അനുവദിക്കില്ല. (അനുബന്ധം ഇനം - 325-330)

44) **സാമൂഹ്യ സുരക്ഷ** - സാമൂഹ്യ പെൻഷനുകൾ ഘട്ടംഘട്ടമായി 2500 രൂപയായി ഉയർത്തും. അങ്കണവാടി, ആശാ വർക്കർ, റിസോഴ്സ് അധ്യാപകർ, പാചകത്തൊഴിലാളികൾ, കുടുംബശ്രീ ജീവനക്കാർ, പ്രീ-പ്രൈമറി അധ്യാപകർ, എൻ.എച്ച്.എം ജീവനക്കാർ, സ്കൂൾ സോഷ്യൽ കൗൺസിലർമാർ തുടങ്ങി എല്ലാ സ്കീം വർക്കേഴ്സിന്റെയും ആനുകൂല്യങ്ങൾ കാലോചിതമായി ഉയർത്തും. മിനിമംകൂലി 700 രൂപയാക്കും. അതിഥി തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. ഗാർഹിക തൊഴിലാളികൾക്കു പ്രത്യേക സ്കീമുകൾ ആരംഭിക്കും. ക്ഷേമനിധികൾ പുനഃസംഘടിപ്പിക്കും. ഓട്ടോ-ടാക്സി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കും. (അനുബന്ധം ഇനം - 890-900)

45) **സഹകരണ മേഖലയുടെ സംരക്ഷണം** - കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുന്ന കേന്ദ്ര നയങ്ങളെ ശക്തമായി ചെറുക്കും. കേരള ബാങ്ക് വിപുലീകരിച്ച് എൻ.ആർ.ഐ ഡെപ്പോസിറ്റ് സ്വീകരിക്കുന്ന ബാങ്ക് ആക്കും. ഡെപ്പോസിറ്റ് അടിത്തറ ഇരട്ടിയായി ഉയർത്തും. കേരളത്തിന്റെ വികസനത്തിന് കൃഷിക്കാർക്കും സംരംഭകർക്കും വ്യാപാരികൾക്കുമെല്ലാം ഉദാരമായ വായ്പ ലഭ്യമാക്കുന്ന കേരളത്തിന്റെ ബാങ്കാകും. അപ്പെക്സ് ബാങ്കിനോടു ബന്ധപ്പെടുത്തി മികച്ച ആധുനിക ബാങ്കിംഗ് സേവനങ്ങൾ പ്രാഥമിക സഹകരണ ബാങ്കുകളിലും ലഭ്യമാക്കും. (അനുബന്ധം ഇനം - 794-802)

46) **വാണിജ്യമേഖല** - വാണിജ്യമിഷൻ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കും. പൈതൃക കമ്പോളങ്ങളെ നവീകരിക്കും. റോഡ് പ്രോജക്ടുകളിൽ കട നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനു മേഖലാതല വിപണികൾ സൃഷ്ടിക്കും. കെ.എസ്.എഫ്.ഇ മ്യൂച്ചൽ ഗ്യാരണ്ടിയിൽ ചിട്ടികൾ ആരംഭിക്കും. കേരളബാങ്ക് ചെറുകിട വ്യാപാരികൾക്കു വേണ്ടി പദ്ധതികൾ ആവിഷ്കരിക്കും. ജി.എസ്.ടി കൂടുതൽ വ്യാപാരി സൗഹൃദമാക്കും. നല്ല

നികുതിദായകർക്ക് പ്രിവിലേജ് കാർഡ് നൽകും. കേരള ഭാഗ്യക്കുറിയെ സംരക്ഷിക്കും. (അനുബന്ധം ഇനം - 206-214, 869-873)

47) **സദ്ഭരണവും അഴിമതി നിർമ്മാർജനവും** - ഇ-ഗവേണൻസ്, ഇ-ടെൻഡറിംഗ്, സോഷ്യൽ ഓഡിറ്റ്, കർശനമായ വിജിലൻസ് സംവിധാനം എന്നിവയെല്ലാം ഉപയോഗപ്പെടുത്തി അഴിമതി നിർമ്മാർജനം ചെയ്യും. സോഷ്യൽ പോലീസിംഗ് സംവിധാനം ശക്തിപ്പെടുത്തും. അതിനായുള്ള ഡയറക്ടറേറ്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കും. ജനമൈത്രി പൊലീസ് പുനഃസംവിധാനം ചെയ്ത് ഇതിനു കീഴിൽ കൂടുതൽ ശക്തമാക്കും. ക്രമസമാധാനം മെച്ചപ്പെടുത്തും. ഏതു പരാതിയിലും 30 ദിവസത്തിനകം തീരുമാനം ഉറപ്പുവരുത്തും. എല്ലാ ബ്ലോക്കുകളിലും ഒറ്റ കേന്ദ്രത്തിൽ എല്ലാ സേവനങ്ങളും ലഭ്യമാക്കും. ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപ്പിലാക്കും. മദ്യവർജ്ജനത്തിനുള്ള പരിശ്രമങ്ങൾ ശക്തിപ്പെടുത്തും. ദേവസ്വങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ഉറപ്പുവരുത്തും. സർക്കാർ സേവനങ്ങൾ ജനങ്ങളിലേക്ക് സുഗമമായി എത്തിക്കും. സിംഗിൾ വിൻഡോയിലൂടെ സേവനം ആവശ്യമുള്ളവർക്ക് സർക്കാർ സേവനം ലഭ്യമാക്കും. ഇതിനായി ആവശ്യമായ ഭേദഗതി സേവനാവകാശ നിയമങ്ങളിൽ വരുത്തും. ചട്ടങ്ങളും രൂപീകരിക്കും. (അനുബന്ധം ഇനം 813-889)

48) **ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്** - അധ്വാനിക്കുന്നവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം തന്നെ നവകേരള നിർമ്മിതിയ്ക്കായി വ്യവസായ സംരംഭകർ അടക്കമുള്ളവരോട് പൂർണ സഹകരണം ഉറപ്പുവരുത്തും. സർക്കാരിന്റെ ആദ്യവർഷത്തിൽ തന്നെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഇൻഡക്സിൽ രാജ്യത്തെ ഏറ്റവും മികച്ച 10 സംസ്ഥാനങ്ങളിൽ ഒന്നാക്കുകയും ചെയ്യും. അഞ്ച് വർഷത്തിനുള്ളിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഇൻഡക്സിൽ ഒന്നാം സ്ഥാനത്ത് എത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തും. (അനുബന്ധം ഇനം - 19-25, 96, 125, 826, 897)

49) **നിയമനങ്ങൾ പി.എസ്.സി മുഖേന** - സർക്കാർ, അർദ്ധസർക്കാർ, സഹകരണ, പൊതുമേഖലാ സ്ഥാപനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്പെഷ്യൽ റൂളുകൾക്കു രൂപം നൽകുകയും നിയമനങ്ങൾ പി.എസ്.സിക്കു വിടുകയും ചെയ്യും. ഒഴിവുകൾ പൂർണ്ണമായും സമയബന്ധിതമായും റിപ്പോർട്ട് ചെയ്യപ്പെടുമെന്ന് ഉറപ്പുവരുത്തും. പി.എസ്.സി പരീക്ഷ, മൂല്യനിർണ്ണയം, നിയമനം എന്നിവ നടത്തുവാൻ ചലനാത്മകവും പൂർണ്ണതോതിൽ ഓട്ടോമേറ്റഡുമായ സംവിധാനം സൃഷ്ടിക്കും. ഏറ്റവും കുറഞ്ഞ മനുഷ്യ ഇടപെടലോടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുകയും, മൂല്യനിർണ്ണയം നടത്തുകയും, റാങ്ക് ലിസ്റ്റ്

പ്രസിദ്ധീകരിക്കുകയും, നിയമനം നടത്തുകയും ചെയ്യും. പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കും. (അനുബന്ധം ഇനം 862-868)

50) **കടാശ്വാസം** - കാർഷിക കടാശ്വാസ കമ്മീഷൻ, മത്സ്യമേഖല കടാശ്വാസ കമ്മീഷൻ, വിദ്യാഭ്യാസ വായ്പാ സമാശ്വാസം എന്നിവയുടെ പ്രവർത്തനങ്ങൾ തുടരും. സംസ്ഥാനത്തെ വിവിധ വികസന ഏജൻസികളിൽ ദീർഘനാളായി കുടിശികയായി കിടക്കുന്ന വായ്പകൾ ഒറ്റത്തവണ തീർപ്പാക്കുന്നതിനു പദ്ധതികൾ ആവിഷ്കരിക്കും. കിടപ്പാടങ്ങൾ ജപ്തി ചെയ്യുന്നതിനെതിരെ നിയമനിർമ്മാണം ഉണ്ടാക്കും. വട്ടിപ്പലിശയ്ക്കും വ്യാജ ലേലം വിളികൾക്കുമെതിരെ പ്രാദേശിക അടിസ്ഥാനത്തിൽ സമിതികൾക്കു രൂപം നൽകും.

ഉപസംഹാരം

പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാകുമെന്നതിന് ഉറപ്പ് കഴിഞ്ഞ അഞ്ചു വർഷത്തെ അനുഭവം ജനങ്ങൾക്കു നൽകുന്നുണ്ട്. വാഗ്ദാനങ്ങളുടെ നടപ്പാക്കൽ പുരോഗതി സംബന്ധിച്ച് ഓരോ വർഷവും പ്രോഗ്രസ് റിപ്പോർട്ടു പ്രസിദ്ധീകരിച്ചുകൊണ്ട്, മാനിഫെസ്റ്റോയുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തി ഒരു പുതുമാതൃക സൃഷ്ടിക്കുകയാണ് പിണറായി സർക്കാർ ചെയ്തത്. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ ചലിക്കുന്ന ഭരണസംവിധാനവും അതിനു പിന്നിലെ രാഷ്ട്രീയ ഇച്ഛാശക്തിയും കേരളത്തിന് ഒരു പുതിയ അനുഭവമായിരുന്നു. വാക്കിനു വിലയുണ്ട് എന്ന് തെളിയിക്കപ്പെട്ട കാലം. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ലക്ഷ്യമായി മാറുക മാത്രമല്ല, അവയുടെ പൂർത്തീകരണം കൃത്യമായി ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തു. പ്രകടനപത്രികയ്ക്കു പുറമേ ഉയർന്നുവന്ന ജനകീയ ആവശ്യങ്ങൾ പലതും അംഗീകരിച്ചു നടപ്പാക്കാനും കഴിഞ്ഞു. ഇതായിരിക്കും നാളെയും പിന്തുടരാൻ പോകുന്ന മാതൃക.

ലോകത്തിന്റെ പ്രശംസ നേടിയ കേരള മോഡൽ പുതിയ തലത്തിലേയ്ക്ക് ഉയരുകയാണ്. ക്ഷേമാശ്വാസ പദ്ധതികൾ ശക്തിപ്പെടുത്തിക്കൊണ്ടു തന്നെ അടിസ്ഥാന സൗകര്യ വികസനത്തിൽ വിസ്മയകരമായ മാറ്റങ്ങൾ വരുന്നു. ആധുനിക വ്യവസായത്തിന്റെയും വളർച്ച സാധ്യമാകുന്നു. സാമൂഹ്യനേട്ടങ്ങളിൽ നിന്ന് പിന്നാക്കം പോകാതെ, വ്യവസായ വളർച്ചയിലും ആധുനിക തൊഴിൽത്തുറയിലും കുതിപ്പുണ്ടാക്കുന്ന വിജ്ഞാന സമൂഹ സൃഷ്ടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ലക്ഷ്യം വെയ്ക്കുന്നത്. അതുവഴി കേരളം കാലോചിതമായി വികസിത സമൂഹങ്ങൾക്കൊപ്പം ചേരുകയാണ്.

കേന്ദ്രസർക്കാർ നവലിബറൽ ജനവിരുദ്ധ സാമ്പത്തിക നയങ്ങൾ ആക്രമണോത്സുകമായി നടപ്പിലാക്കുന്ന കാലമാണിത്. സംസ്ഥാനത്തിന്റെ

അധികാരം നാൾക്കുനാൾ ചുരുങ്ങുകയാണ്. ഏറ്റവും കടുത്ത വെല്ലുവിളികൾ നേരിടുമ്പോഴും നവലിബറൽ നയങ്ങൾക്കൊരു ബദലായിത്തന്നെ കേരളം എന്ന തുരുത്തിനെ നിലനിർത്തേണ്ടതുണ്ട്.

കോൺഗ്രസിന്റെയും ബിജെപിയുടെയും കേന്ദ്രസർക്കാരുകൾ കഴിഞ്ഞ മൂന്നു പതിറ്റാണ്ട് നടപ്പാക്കിയ സ്വകാര്യവത്കരണ, ഉദാരവത്കരണ നയങ്ങൾക്ക് ബദലായിരിക്കും കേരള മാതൃക. പൊതു ആരോഗ്യ വിദ്യാഭ്യാസ മേഖലകൾ മാത്രമല്ല, പൊതുമേഖലാ വ്യവസായങ്ങളെയും വൈദ്യുതി, കുടിവെള്ളം, ഗതാഗതം തുടങ്ങിയ പൊതുമേഖലകളെയും കേരളം സംരക്ഷിക്കും.

സംഘപരിവാർ വർഗീയതയുടെ വിഷപ്പുക പരക്കാത്ത സമൂഹം എന്ന നേട്ടവും നമുക്കു നിലനിർത്തണം. ന്യൂനപക്ഷ വർഗീയ ശക്തികളുമായും പരസ്യമായി കൂട്ടുകൂടുമ്പോൾ തന്നെ ഇടതുപക്ഷത്തെ തോൽപ്പിക്കുന്നതിന് ബി.ജെ.പിയുമായി രഹസ്യധാരണയിൽ എത്താൻ മടിയില്ലാത്ത യുഡിഎഫിന് കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യവും സാമൂഹ്യമൈത്രിയും സംരക്ഷിക്കാൻ കഴിയില്ല. സ്വസ്ഥതയും സമാധാനവും പുലരുന്ന നാടായി കേരളം നിലനിൽക്കാൻ ഇടതുപക്ഷ ജനാധിപത്യ ശക്തികളുടെ ഭരണത്തുടർച്ച കൂടിയേ തീരൂ. വർഗീയ ശക്തികൾക്ക് ഒരു സ്വാധീനവുമില്ലാത്ത ഭരണം കാഴ്ചവെയ്ക്കാൻ എൽ.ഡി.എഫിനു മാത്രമേ കഴിയൂ.

വർഗ്ഗീയ ശക്തികൾക്ക് പങ്കാളിത്തമില്ലാത്ത ഭരണം, ഇന്ത്യയിലെ മതനിരപേക്ഷ രാഷ്ട്രീയത്തിന് വലിയ കരുത്തു പകരും. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ ബദൽ ഇന്ത്യയ്ക്കു മാതൃകയായിത്തീരും. സാമൂഹ്യക്ഷേമത്തിനോടൊപ്പം സാമ്പത്തിക വളർച്ചയും ഉറപ്പുനൽകുന്ന ഒരു നവകേരളം നമുക്കു സൃഷ്ടിക്കാം. ഇത്തരം ബദലിൻറെ അനുഭവങ്ങൾ രാജ്യവ്യാപകമായി എത്തിച്ച് ഇടതുപക്ഷ ജനാധിപത്യ ശക്തികളുടെ പിന്നിൽ കൂടുതൽ ജനവിഭാഗങ്ങളെ അണിനിരത്താനും കഴിയണം. മലയാളിയുടെ അന്തസ് ലോകത്തിൽ ഉയർന്നു നിന്ന കാലമായിരുന്നു കഴിഞ്ഞ അഞ്ചു വർഷം. അത് അങ്ങനെ തന്നെ എന്നും നിലനിൽക്കുമെന്ന് ഉറപ്പിക്കാൻ എൽ.ഡി.എഫ് ഭരണം തുടരണം.

☆ ☆ ☆